പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 185 | 23.08.2022 ൽ മറുപടിക്ക്

## ചെറുവാഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ തസ്തിക അനുവദിക്കുന്നതിനുള്ള നടപടി

| | ചോദ്യം<br>ശ്രീ. കെ.പി.മോഹനൻ | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തിയ ചെറുവാഞ്ചേരി സി.എച്ച്.സി.യിൽ ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കാത്തതിനാൽ രോഗികൾ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ), (ബി) & (സി) | ചെറുവഞ്ചേരി (പാട്യം) സാമൂഹികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ആർദ്രം മിഷന്റെ ഭാഗമായി ഒരു റവന്യൂ ബ്ലോക്കിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി ചെറുവഞ്ചേരി (പാട്യം) കുടുംബാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ആയതിലേക്കായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 37.5 ലക്ഷം രൂപ അനുവദിച്ച് അടിസ്ഥാന സൗകര്യ വികസനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സി.എച്ച്.സി.യിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (ഡി) | ആദിവാസി മേഖലയായ നരിക്കോട്, വാഴമല, വെങ്ങളം, മുണ്ടയോട്, കണ്ണവം തുടങ്ങിയ കോളനികളിലെ രോഗികളുടെ ഏക ആശ്രയമായ പ്രസ്തുത സി.എച്ച്.സി.ക്ക് ഒരു വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങൾക്ക് നിലവിൽ വാഹനങ്ങൾ ലഭ്യമാക്കുന്നത് MLA/MP ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്,CSR സംഭാവന എന്നിവ മുഖേനയാണ്. |

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം

| തസ്തിക | പി.എസ്.സി | എൻ.എച്ച്.എം | എച്ച്.എം.സി | എൽ .എസ്.ജി.ഡി |
|---|---|---|---|---|
| അസിസ്റ്റന്റ് സർജൻ | 3 | | | 1 |
| സ്റ്റാഫ് നഴ്സ് | 3 | 2 | | |
| ഫാർമസിസ്റ്റ് | 2 | | | 1 |
| ലാബ് ടെക്നീഷ്യൻ | 1 | | 1 | |
| ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2 | 2 | | | |
| പാർട്ട് ടൈം സ്വീപ്പർ | 1 | | 1 | |
| ക്ലാർക്ക് | 1 | | | |
| ഓഫീസ് അറ്റൻഡന്റ് | 1 | | | |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | | | |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 | | | |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 | | | |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 4 | | | |
| എം.എൽ.എസ്.പി നഴ്സ് | | 1 | | |

Hari

സെക്ഷൻ ഓഫീസർ